# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 122**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല ഇടവകകളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

“പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു” (യോഹ. 20:21) എന്ന ക്രിസ്തു നിയോഗം ലഭിച്ച ശിഷ്യർ പീഡനങ്ങളും നീതിനിഷേധവും മൂലം പ്രശ്ന കലുഷിതമായിരുന്ന ലോകത്തിൽ സൗഖ്യത്തിന്റെയും, അനുരഞ്ജനത്തിന്റെയും, സ്വാതന്ത്ര്യത്തിന്റെയും സാക്ഷികളായി നിലനിന്നു. ഈ നിയോഗം ക്രിസ്തുശൈലിയിൽ തുടരുവാൻ സഭ വിളിക്കപ്പെട്ടിരിക്കുന്നു. സ്നേഹവും, പ്രത്യാശയും, കരുതലും, വീണ്ടെടുപ്പും പങ്കുവയ്ക്കുവാനും, അതിലൂടെ ദൈവരാജ്യശുശ്രൂഷ അർത്ഥവത്തായി നിർവ്വഹിക്കുവാനും നമുക്ക് സാധിക്കണം. ഈ ശുശ്രൂഷ കാലോചിതമായി നിർവ്വഹിക്കുവാൻ പരിശീലനം സിദ്ധിച്ച പട്ടക്കാർ സഭയ്ക്ക് അനിവാര്യമാണ്. ഈ ശുശ്രൂഷയ്ക്കായി യുവജനങ്ങളെ ഒരുക്കുന്ന പ്രവർത്തനത്തിൽ കോട്ടയം മാർത്തോമ്മ വൈദിക സെമിനാരി 98 വർഷങ്ങൾ പിന്നിടുകയാണ്.

സെറാമ്പൂർ സർവ്വകലാശാലയുടെ 4 വർഷ ബി. ഡി. പ്രോഗ്രാമിൽ ഒരു വനിത ഉൾപ്പെടെ 66 വിദ്യാർത്ഥികൾ ഇപ്പോൾ പരിശീലനം നേടുന്നു. ബിരുദാനന്തര പഠനത്തിനും, ഗവേഷണത്തിനും അവസരം ഒരുക്കുന്ന എഫ്.എഫ്.ആർ.ആർ.സി യിൽ 13 പേർ എം. റ്റി. എച്ച് നും, 12 പേർ ഡി. റ്റി. എച്ച് നും സെമിനാരിയിൽ താമസിച്ച് പഠിക്കുന്നു. വിവിധ സഭാ വിഭാഗങ്ങളിൽ നിന്നും വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്നതിലൂടെ, ഭാരതത്തിലെ സുവിശേഷ പ്രവർത്തനങ്ങളുടെയും, എക്യുമെനിക്കൽ അനുഭവങ്ങളുടെയും പരസ്പര സഹവർത്തിത്വത്തിന്റെയും പാഠങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു.

കറുകച്ചാൽ എക്സ്റ്റൻഷൻ ക്യാമ്പസിൽ പ്രവർത്തനങ്ങൾ സജീവമാക്കുവാൻ സാധിച്ചു. എപ്പിസ്കോപ്പൽ സിനഡിന്റെ തീരുമാനപ്രകാരമുള്ള പ്രീ തിയോളജി കോഴ്സിൽ 26 വിദ്യാർത്ഥികൾ ഇപ്പോൾ പരിശീലനം നേടുന്നു. രണ്ടു ഫാക്കൽറ്റി അംഗങ്ങളും രണ്ടു എം. റ്റി. എച്ച് വിദ്യാർത്ഥികളും ഈ ക്യാമ്പസിൽ താമസിക്കുന്നു. അതോടൊപ്പം ബി. ഡി. പഠനം പൂർത്തിയാക്കിയവർക്കുള്ള പ്രത്യേക പരിശീലനവും നടന്നുവരുന്നു.

നമ്മുടെ സെമിനാരിയെ ഓർത്ത് പ്രാർത്ഥിക്കുന്നതിനും സ്തോത്രകാഴ്ചയിലൂടെ സെമിനാരിയെ സഹായിക്കുന്നതിനും വേർതിരിച്ചിരിക്കുന്ന ദിവസമാണല്ലോ ഹോശാന ഞായറാഴ്ച. ഈ വർഷത്തെ സ്തോത്രകാഴ്ചയിലൂടെ 80 ലക്ഷം രൂപായെങ്കിലും ലഭിച്ചുവെങ്കിൽ മാത്രമേ സെമിനാരി പ്രവർത്തനം സുഗമമായി മുമ്പോട്ടു കൊണ്ടുപോകുവാൻ കഴിയുകയുള്ളു. സെമിനാരി പ്രവർത്തനങ്ങൾക്കു സഹായം നല്കിയ എല്ലാ ഇടവകകളോടും വ്യക്തികളോടുമുള്ള നന്ദി അറിയിക്കുന്നു. സെമിനാരിയുടെ സാമ്പത്തിക ആവശ്യങ്ങൾ മനസിലാക്കി എല്ലാവരും ഈ വർഷത്തെ സ്ത്രോത്രകാഴ്ചയിൽ സഹകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഈ ഇനത്തിൽ ലഭിക്കുന്ന തുക മുഴുവനും Principal, Mar Thoma Theological Seminary, P.B. No. 287, Kottayam - 686 001, Kerala, S. India എന്ന വിലാസത്തിലോ, സഭാ ആഫീസിലോ 2024 മാർച്ച് 31–ാം തീയതിക്കകം അയച്ചു കൊടുക്കുന്നതിന് ഇടവക ചുമതലക്കാർ ശ്രദ്ധിക്കുമല്ലോ.

സഭയുടെ ശുശ്രൂഷയിൽ സെമിനാരിയിലൂടെ ലഭിക്കുന്ന പരിശീലനം കാലാനുസരണവും അനുഗ്രഹകരമായും തുടരുന്നതിന് സഭയായി പ്രാർത്ഥിക്കുകയും, സഹകരിക്കുകയും ചെയ്യണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2024 ഫെബ്രുവരി മാസം 22–ാം തിയതി,

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 122**

*Blessings to you all the Vicars, Resident Clergy, Trustees,*
*and Members of all the Parishes under our authority.*

Dearly Beloved in Christ,

"As the father has sent me, so I am sending you" (John 20:21). The disciples who received this mission mandate from Jesus Christ remained steadfast witnesses of healing, compassion, and freedom in a world troubled by persecution and injustice. The Church is called to share love, hope, care, and redemption, thereby enlivening the values of the kingdom of God in a profound manner as exemplified by Jesus Christ. To effectively carry out this ministry in a manner relevant to the time, clergy who are both theologically trained and pastorally equipped are indispensable to the Church. The Mar Thoma Theological Seminary is completing 98 years in the ministry of training dedicated youngsters for this vocation.

The Seminary offers the four-year B. D. Programme of the Serampore University. 66 students including one woman are being trained at the Seminary. 13 M.Th. and 12 D.Th. students hailing from diverse denominational and linguistic backgrounds are pursuing their post-graduate and doctoral studies under the Federated Faculty for Research in Religion and Culture (F.F.R.R.C), and are staying in our campus. It fosters a deeper understanding of evangelical activities in India, ecumenical collaboration, and cooperative endeavours among students.

Efforts were taken to make the Karukachal Extension Campus active. According to the decision of the Episcopal Synod, 26 students are currently undergoing training in the 6-month pre-theology course. Two faculty members and two M.Th. students reside in the campus. Furthermore, special training classes are conducted for those who have completed their B. D. course.

Palm Sunday is the day set aside by our Church to pray for and support our Seminary through our thanksgiving. To ensure the smooth functioning of Seminary activities, at least 80 lakh rupees has to be collected through this year's Palm Sunday offertory. We express gratitude to all the parishes and individuals who have contributed generously to the activities of the Seminary. We urge you all to understand the financial needs of the Seminary and participate generously in this year's Palm Sunday offertory. The entire offertory collected on the Palm Sunday should be remitted to the Principal, Mar Thoma Theological Seminary, P.B. No. 287, Kottayam - 686 001, Kerala, S. India or to the Sabha Office by March 31, 2024.

We exhort you all to pray for and support the Seminary as a Church, so that the theological training received from the Seminary may be contextual, blessed, and meaningful for the ministry of the Church.

May grace be with you all.

Dated 22nd February 2024 from Poolatheen, Thiruvalla,

**Dr. Theodosius Mar Thoma Metropolitan**